വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. BINDU GOPINATH)

വിഷയം:- വനിത ശിശു വികസന വകുപ്പ് ഡയറക്ടറേറ്റ്– വനിത കോൺക്ലേവ് 2026 – തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിക്കുന്നത് - ഔദ്യോഗിക വാഹനങ്ങൾ അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം: വനിത ശിശു വികസന ഡയറക്ടറുടെ 29.01.2026 ലെ DWCD/7641/2025-WEC1 നമ്പരായുള്ള ഉത്തരവ്

<u>ഉത്തരവ് നം: DWCD/1922/2024-D1; തീയതി: 02-02-2026</u>

വനിത ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ വനിത കോൺക്ലേവ് 2026 ഫെബ്രുവരി 6, 7 തിയതികളിൽ തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിക്കുന്നു.

മേൽസാഹചര്യത്തിൽ വനിത കോൺക്ലേവ് 2026 പരിപാടിയുടെ വിജയകരമായ നടത്തിപ്പിനായി തിരുവനന്തപുരം ജില്ലയിലെ, വകുപ്പിലെ മുഴുവൻ കരാർ വാഹനങ്ങളും ഡ്രൈവർ സഹിതം 2026 ഫെബ്രുവരി 6, 7 തിയതികളിൽ നിയോഗിച്ചു കൊണ്ട് ഉത്തരവാകുന്നു. എല്ലാ വാഹനങ്ങളും 06.02.2026 രാവിലെ 07.30-ന് തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ, വകുപ്പിന്റെ വാഹന രജിസ്ട്രേഷൻ കൗണ്ടറിൽ എത്തി രജിസ്റ്റർ ചെയ്യേണ്ടതാണ്.

വനിത കോൺക്ലേവിന്റെ ഒരുക്കങ്ങൾക്കായി 2026 ഫെബ്രുവരി 5-ാം തിയതി രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ അതിയന്നൂർ അഡീഷണൽ, നേമം അഡീഷണൽ, പോത്തൻകോട്, വെള്ളനാട്, പാറശ്ശാല എന്നീ ഐസിഡിഎസ് കാര്യാലയങ്ങളിലെ വാഹനങ്ങളും, വൈകുന്നേരം 4 മണി മുതൽ തിരുവനന്തപുരം അർബൻ-2, അർബൻ-3, അർബൻ-4, അതിയന്നൂർ എന്നീ ഐസിഡിഎസ് കാര്യാലയങ്ങളിലെ വാഹനങ്ങളും ഡ്രൈവർ സഹിതം ഈ കാര്യാലയത്തിൽ ഹാജരായിരിക്കേണ്ടതാണ്.

വനിത കോൺക്ലേവ് പരിപാടിക്കായി നിയോഗിച്ചിട്ടുള്ള വാഹനങ്ങൾ ട്രാൻസ്പോർട്ടേഷൻ കമ്മിറ്റി കൺവീനറുടെ അനുമതിയോടു കൂടി മാത്രമേ മടങ്ങി പോകാവൂ. ഔദ്യോഗിക വാഹനങ്ങൾ ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്ന കാര്യാലയ മേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

എല്ലാ കാര്യാലയ മേധാവികൾക്കും,

തിരുവനന്തപുരം ജില്ല.

(ഒപ്പ്)

forവനിത ശിശു വികസന ഡയറക്ടർ

പകർപ്പ് :

1. സൂപ്രണ്ട്, IT സെക്ഷൻ.
   (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. സ്റ്റോക്ക് ഫയൽ/ സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്